# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1887 25.03.2013-ൽ മറുപടി

### ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ എത്ര കൊലപാതകങ്ങൾ നടന്നു ; | (എ) 659 |
| ബി) അന്വേഷണത്തിൽ പ്രത്യേക താൽപര്യം ചന്ദ്രശേഖരൻ വധക്കേസിൽ ഉണ്ടായിട്ടുള്ള തായി അറിയുമോ ; | (ബി) പ്രത്യേക താൽപര്യം ഉണ്ടായിട്ടില്ല. |
| സി) സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട എത്ര കുടുംബങ്ങളുടെ വീടുകളിൽ മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന ആഭ്യന്തര മന്ത്രിമാർ, മറ്റ് മന്ത്രിമാർ എന്നിവർ വിവിധ ഘട്ടങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി ; | (സി) സംസ്ഥാനത്ത് നടന്ന 12 കൊലപാതക കേസ്സുമായി ബന്ധപ്പെട്ട് കൊല്ലപ്പെട്ടവരുടെ വീടുകളിൽ മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന ആഭ്യന്തര മന്ത്രിമാർ, മറ്റ് മന്ത്രിമാർ എന്നിവർ വിവിധ ഘട്ടങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. |
| ഡി) ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷം മുഖ്യമന്ത്രിയും കേന്ദ്രസംസ്ഥാന ആഭ്യന്തര മന്ത്രിമാരും സംസ്ഥാനത്തെ മറ്റ് മന്ത്രിമാരും എത്ര തവണ ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി ; വിശദമാക്കാമോ ; | (ഡി) ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷം മുഖ്യമന്ത്രി ഒരു തവണയും ആഭ്യന്തര മന്ത്രി മൂന്നു തവണയും, കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും, രണ്ടു കേന്ദ്ര മന്ത്രിമാരും, മറ്റ് ഏഴ് സംസ്ഥാന മന്ത്രിമാരും ഓരോ തവണ വീതവും ടി. പി. ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി. |
| ഇ) കൊലചെയ്യപ്പെട്ട ചന്ദ്രശേഖരന്റെ പോസ്റ്റുമോർട്ടം നടക്കുന്ന ദിവസം ആഭ്യന്തര മന്ത്രി കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിക്കുകയുണ്ടായോ ; | (ഇ) സന്ദർശിക്കുകയുണ്ടായി. |
| എഫ്) അന്നേദിവസം ആഭ്യന്തര മന്ത്രിയുടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടികൾ എന്തെല്ലാമായിരുന്നു ; കോഴിക്കോട് ജില്ലയിൽ അന്നേദിവസം മുൻകൂട്ടി നിശ്ചയിച്ച എന്തെങ്കിലും പരിപാടി ഉണ്ടായിരുന്നുവോ ; വിശദാംശം നൽകുമോ; | (എഫ്) കോഴിക്കോട് ജില്ലയിൽ അന്നേദിവസം ആഭ്യന്തര മന്ത്രിക്ക് മുൻകൂട്ടി നിശ്ചയിച്ച പരിപാടികളൊന്നും ഇല്ലായിരുന്നു. |

ജി) കൊലപാതകം നടന്നതിനുശേഷം മുഖ്യ മന്ത്രി ചന്ദ്രശേഖരന്റെ വീട്ടിലെത്തിയത് ഏത് തീയതിയിലായിരുന്നു ; അന്നത്തെ ദിവസം മുഖ്യമന്ത്രിയുടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടി എവിടെയായിരുന്നു ;

(ജി) കൊലപാതകം നടന്നതിനുശേഷം മുഖ്യമന്ത്രി ചന്ദ്രശേഖരന്റെ വീട്ടിലെത്തിയത് 05.05.2012-ൽ ആയിരുന്നു. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം അന്നു ഡെൽഹിയിലായിരുന്നു.

എച്ച്) ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷവും സംഭവവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി എന്നിവർ നടത്തിയ പത്ര സമ്മേളനങ്ങളിൽ സംഭവം സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ?

(എച്ച്) വിവരം ഇതേവരെ ശേഖരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ